# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.5750 03.11.2016 ലെ മറുപടി**

## ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ:** | | **മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിലെ ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജ് ഉപയോഗ ശൂന്യമായിട്ട് എത്ര വർഷമായി എന്ന് അറിയിക്കാമോ; | (എ) | ഉദ്ദേശം മുപ്പത് വർഷത്തിലധികമായി റഗുലേറ്റർ ഉപയോഗശൂന്യമാണ്. |
| (ബി) | ഇത് റിപ്പയർ ചെയ്ത് ഉപയോഗ്യ മാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ഈ പദ്ധതിയ്ക്ക് 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 160 ലക്ഷം രൂപയ്ക്ക് അംഗീകാരം നല്കി. എങ്കിലും പ്രസ്തുത പദ്ധതി കാഞ്ഞങ്ങാട് കാസറഗോഡ് കെ.എസ്.ടി.പി റോഡിന്റെ ഭാഗമായതിനാൽ പാലം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാനുള്ള കാല താമസം മൂലം പദ്ധതി തുടങ്ങാൻ സാധിച്ചില്ല. എന്നാൽ പദ്ധതി തുടങ്ങാൻ തടസ്സമില്ലെന്ന് കെ.എസ്.ടി.പി അധികൃതർ അറിയിച്ചതി നെതുടർന്ന് 2012 നിരക്കിൽ 283 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് റേറ്റ് 13-ാം ധനകാര്യ കമ്മിഷനിലുൾപ്പെടുത്തി അംഗീകാര ത്തിനായി സമർപ്പിച്ചിരുന്നെങ്കിലും എസ്.എൽ.ഇ.സിയുടെ അംഗീകാരം ലഭിച്ചിട്ടില്ല.<br><br>എന്നാൽ കെ.എസ്.ടി.പി പാലം പണിക്ക് ശേഷമുള്ള പുഴയുടെ അടിത്തട്ട് പരിശോധിച്ചതിനു ശേഷം പുതുക്കിയ നിരക്കിൽ പ്രൈസ് (PRICE) സോഫ്റ്റ് വെയർ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാനുള്ള നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) | ഇതിന്റെ ഷട്ടറുകൾ പുതുക്കി പണിതാൽ പ്രദേശത്തെ എത്ര വില്ലേജുകളിലെ എത്ര കർഷകർക്ക് ആയത് പ്രയോജനപ്പെടും എന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | പ്രസ്തുത റഗുലേറ്റർ പ്രവർത്തന സജ്ജമായാൽ ചിത്താരി, കീക്കാൽ, പള്ളിക്കര, അജാനൂർ, പുല്ലൂർ, പനയാൽ എന്നീ ആറു വില്ലേജുകളിലെ കർഷകർക്ക് പ്രയോജനം ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഷട്ടറുകൾ പുതുക്കി പണിത് പ്രവർത്തന സജ്ജമാക്കാൻ എത്ര രൂപ വേണ്ടിവരും എന്ന് അറിയിക്കാമോ? | (ഡി) | പുതുക്കിയ നിരക്കിൽ പ്രൈസ് സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കി സമർപ്പിക്കുന്ന എസ്റ്റിമേറ്റിന് ഭരണാനുമതി നല്കിയ ശേഷം ടെണ്ടർ ചെയ്താൽ മാത്രമേ അടങ്കൽ തുക എത്ര വരുമെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ.**